# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **2189** 06.10.2016-ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ബാബു** | **പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. ഒഴിവുകളിൽ എത്രയെണ്ണമാണ് നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ; | (എ) 153 ഒഴിവുകളാണ് നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 95 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജനറൽ ഒഴിവുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്യാനില്ല. |
| (ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും അടിയന്തരമായി നിയമനം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ പരിശോധന നടത്തി കൃത്യമായ എൽ.പി.എസ്.എ. ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് പട്ടികയിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) ഒഴിവുകളിൽ പൂർണ്ണമായും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Priya

സെക്ഷൻ ഓഫീസർ.